**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3434** **15-02-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ച എത്ര സ്കൂളുകളുടെ പ്രവൃത്തികളാണ് ഇത് വരെ ആരംഭിക്കാൻ കഴിയാത്തതെന്നും ഓരോ സ്കൂളിന്റെയും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 2 സ്കൂളുകളുടേയും 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട 2 സ്കൂളുകളുടേയും നിർമ്മാണം ആരംഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**3 കോടി കിഫ്ബി ഫണ്ട്**<br><br>ജി.എച്ച്.എസ്.എസ്.അവിടനല്ലൂർ സ്കൂളിന്റെ പുതിയ പ്രൊപ്പോസൽ പ്രകാരം feasibility study LSGD മുഖാന്തിരം നടത്തി DPR തയ്യാറാക്കി പുതുക്കിയ DSR/GST നിരക്ക് പ്രകാരം 3.90 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. Project Execution Document (PED) കില തയ്യാറാക്കി വരുന്നു.<br><br>ജി.എം.യു.പി.എസ്.പൂനൂർ സ്കൂളിന്റെ പുതുക്കിയ DSR/GST നിരക്ക് പ്രകാരം (3.90 കോടി രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്ക് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>**1 കോടി കിഫ്ബി ഫണ്ട്**<br><br>ഗവ.യു.പി.എസ്. തൃക്കുറ്റിശ്ശേരി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ സ്ഥലലഭ്യത സംബന്ധിച്ച് ചില തടസ്സങ്ങളുണ്ടായിരുന്നു. തുടർന്ന് സ്ഥലം വാങ്ങി പ്രശ്നം പരിഹരിച്ച് മണ്ണ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>ജി.എച്ച്.എസ്.എസ്.കായണ്ണ സ്കൂളിന്റെ stability പ്രശ്നം കാരണം ആദ്യത്തെ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിഞ്ഞില്ല.<br><br>പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുന്നതിനും |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിച്ച സ്കൂളുകൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളിലെ പുരോഗതിയും വ്യക്തമാക്കാമോ? | (ബി) | **5 കോടി കിഫ്ബി ഫണ്ട്**<br><br>5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നടുവണ്ണൂർ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>**3 കോടി കിഫ്ബി ഫണ്ട്**<br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ് .എസ്.അത്തോളി, ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ, ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി, ജി.എച്ച്.എസ്.എസ്.പൂനൂർ, എന്നീ 4സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>**1 കോടി കിഫ്ബി ഫണ്ട്**<br><br>1കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട് ജി.എം. യു.പി.എസ്. വേളൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>ജി.യു.പി.എസ്.ഉണ്ണികുളം, ഗവ.എച്ച്.എസ്. എസ്.ശിവപുരം എന്നീ സ്കൂളുകളുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.<br><br>ജി.വി.എച്ച്.എസ്.എസ്.ബാലുശ്ശേരി സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ